"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. എ.എം. പങ്കജത്തിനെതിരായ നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1546/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/08/2020**

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 27.09.2018-ലെ PAN/21916/2018-D7(DP) നമ്പർ നടപടിക്രമങ്ങൾ

2 പഞ്ചായത്ത് ഡയറക്ടറുടെ 05.02.2019-ലെ PAN/21916/2018-D7(DP) നമ്പർ നടപടിക്രമങ്ങൾ

3 പഞ്ചായത്ത് ഡയറക്ടറുടെ 05.02.2019-ലെ PAN/21916/2018-D7(DP) നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. എ.എം.പങ്കജത്തിനെതിരെ മഴക്കെടുതിയുടെ മറവിൽ ഭരണ സമിതിയുടെ ഒത്താശയോടെ പ്രത്യേകം അക്കൗണ്ട് തുടങ്ങിയും, രസീത് വഴിയും പണപ്പിരിവ് നടത്തുന്നതായ ആലത്തൂർ എം.പി. ഡോ. പി.കെ. ബിജുവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീമതി. എം.എം. പങ്കജത്തിനെ പരാമർശം (1) പ്രകാരം സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. എന്നാൽ അച്ചടക്കനടപടി സ്വീകരിച്ചു വരവെ ശ്രീമതി. എ.എം. പങ്കജം 30.09.2018-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ചു വന്ന അച്ചടക്ക നടപടി പരാമർശം (2) പ്രകാരം തീർപ്പാക്കി കെ.എസ്.ആർ ഭാഗം 3 ചട്ടം 3 പ്രകാരം സർക്കാർ തലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുന്നതിന് ശുപാർശ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

പ്രളയവുമായി ബന്ധപ്പെട്ട ദുരിതാശ്വാസ നിധിയിലേക്ക് മാന്വൽ രസീതുകൾ ഉപയോഗിച്ച് 19.08.2018, 20.08.2018 തിയ്യതികളിൽ സംഭാവന സ്വീകരിച്ച വകയിൽ 41000/- രൂപ ലഭിച്ചിരുന്നുവെന്നും ഇതിൽ 29,048/- രൂപ മാത്രമാണ് 23.08.2018-ൽ മേൽപ്പറഞ്ഞ ദുരിതാശ്വാസ നിധി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തത് എന്നും ബാലൻസ് തുകയായ 11,952/- രൂപ പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട നേരിട്ട് ചെലവഴിച്ചിരുന്നുവെന്നും ആയതു നിയമ വിരുദ്ധമായി കണ്ടാണ് ടിയാരിക്കെതിരെ സസ്പെൻഷൻ അടക്കമുള്ള നടപടികൾ സ്വീകരിച്ചതെന്നും, എന്നാൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 05.07.2019-ലെ ഒ.എ.(ഇകെഎം) 1843/2018 നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയറക്ടറുടെ സസ്പെൻഷൻ ഉത്തരവ് നിലനിൽക്കുന്നതല്ലായെന്നും ആയതിനാൽ ടിയാരിയുടെ പെൻഷൻ ആനുകൂല്യങ്ങൾ 2 മാസത്തിനുള്ളിൽ നൽകണമെന്നും ഉത്തരവായിരുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ സൂചന (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018 ആഗസ്റ്റിലെ പ്രളയത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

നടപ്പിലാക്കിയില്ലെന്നും പഞ്ചായത്തിന് പ്രത്യേക ദുരിതാശ്വാസ നിധി ഏർപ്പെടുത്തി പണപ്പിരിവ് നടത്തിയെന്നതിനാലുമാണ് ശ്രീമതി. എ.എം. പങ്കജത്തെ സസ്പെന്റ് ചെയ്ത് അച്ചടക്ക നടപടി സ്വീകരിച്ചത്. എന്നാൽ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരാതിയിൽ സൂചിപ്പിക്കുന്ന അക്കൗണ്ട് എന്നത് കേരളത്തിൽ 2018 ആഗസ്റ്റിലുണ്ടായ പ്രളയവുമായി ബന്ധപ്പെട്ട് പ്രത്യേകമായി തുടങ്ങിയ അക്കൗണ്ട് അല്ലെന്നും ടി അക്കൗണ്ട് 2006-ൽ തുടങ്ങിയതാണെന്നും ഫണ്ട് വാങ്ങിയതും ഉപയോഗിച്ചതും പ്രളയകാലത്തെ പ്രത്യേക സാഹചര്യത്തിൽ ഉത്തമ വിശ്വാസത്തിൽ ചെയ്ത പ്രവർത്തിയെന്ന നിലയിൽ കാണേണ്ടതാണെന്നും പഞ്ചായത്ത് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിൽ പറയുന്നുണ്ട്. 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ ചട്ടം 3 പ്രകാരം പഞ്ചായത്തിന് പ്രത്യേക ദുരിതാശ്വാസ നിധിയും ബാങ്ക് അക്കൗണ്ടും നിലനിർത്താവുന്നതും ഫണ്ട് സ്വീകരിക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്യുന്നു. നിലവിൽ ഹർജിക്കാരിയ്ക്കെതിരായി അച്ചടക്ക നടപടിയൊന്നും തന്നെ നിലവിലില്ലാത്തതുമാണ്. ആയതിനാൽ ശ്രീമതി. എ.എം. പങ്കജം ഫയൽ ചെയ്ത ഒ.എ.(ഇകെഎം) നം.1843/2018-ൽ 05.07.2019-ലെ ഉത്തരവിനെതിരെ അപ്പീൽ സാധ്യതയില്ലെന്നു കാണുന്നു.

പ്രസ്തുത തുകകൾ ശേഖരിക്കാനും ചെലവഴിക്കാനും ഉണ്ടായ സാഹചര്യത്തിന്മേലുള്ള ഉത്തമ വിശ്വാസം പരിഗണിച്ചും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പഞ്ചായത്ത് ഡയറക്ടറുടെ സസ്പെൻഷൻ ഉത്തരവ് നിലനിൽക്കുന്നതല്ല എന്ന് വ്യക്തമാക്കിയ സാഹചര്യത്തിലും, കൂടാതെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ കേസിലെ എതിർ കക്ഷികളോട് ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കിട്ടി 2 മാസം കാലാവധിക്കുള്ളിൽ ടിയാരിക്ക് മുഴുവൻ പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കുന്നതിനും വിതരണം ചെയ്യുന്നതിനും 05.07.2019-ലെ ഒ.എ.(ഇകെഎം) നം.1843/2018 നമ്പർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുള്ള സാഹചര്യത്തിലും ടിയാരിക്കെതിരെ സർക്കാർ തലത്തിൽ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തതു പ്രകാരം കെ.എസ്.ആർ. പാർട്ട് 3 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുന്നത് ഉചിതമല്ല. മേൽ സാഹചര്യത്തിൽ അടാട്ട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി എ.എം. പങ്കജത്തിനെതിരെ തുടർനടപടി ആവശ്യമില്ലായെന്നു കണ്ട് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീമതി. എ.എം. പങ്കജം, മുൻ സെക്രട്ടറി, അടാട്ട് ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/100/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature Valid

Digitally signed by SUDHEER S S
Date: 2020.08.[illegible] 16:43:20 IST
Reason: Approved

സെക്ഷൻ ഓഫീസർ